നം.2145/പി2/എസ്. എസ്.കെ. തീയതി. 22.04.2020

## സർക്കുലർ

വിഷയം: – സമഗ്രശിക്ഷാ, കേരളം – 2020–21 –കൊറോണ വൈറസ് (കൊവിഡ്–19) വ്യാപനം തടയുന്നതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷാരംഭത്തിൽ കുട്ടികൾക്ക് മുഖാവരണം (മാസ്ക്) വിതരണം – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

ലോകത്താകമാനം കൊവിഡ് –19 രോഗം വ്യാപിക്കുകയാണ്. ഈ രോഗത്തിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി സാമൂഹിക അകലം പാലിക്കുക, സോപ്ഉപയോഗിച്ച് കൈകൾ ഇടയ്ക്കിടയ്ക്ക് കഴുകുക, വ്യക്തി ശുചിത്വം പാലിക്കുക, കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് വൃത്തിയാക്കുക തുടങ്ങിയവയോടൊപ്പം എല്ലാവരും കുറെ ദിവസത്തേയ്ക്ക് പൊതു സ്ഥലങ്ങളിൽ ഇറങ്ങുമ്പോൾ മുഖാവരണം (മാസ്ക്) നിർബന്ധമായി ധരിക്കണമെന്നുള്ള നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്.

കൊവിഡ്–19 രോഗത്തിന്റെ വ്യാപനം കാരണം എസ്.എസ്.എൽ.സി. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പൊതു പരീക്ഷകൾ ഇനിയും പൂർത്തിയാക്കാനുണ്ട്. പൊതുപരീക്ഷ എഴുതുന്ന കുട്ടികൾക്കും ഇൻവിജിലേറ്റർമാർക്കും കൂടാതെ അടുത്ത അധ്യയന വർഷത്തിന്റ ആരംഭ ദിവസങ്ങളിലും തുടർന്നും എല്ലാകുട്ടികൾക്കും അദ്ധ്യാപകർക്കും മുഖാവരണം (മാസ്ക്) ആവശ്യമായിവന്നേക്കാം.

സംസ്ഥാനത്ത് 45 ലക്ഷത്തിലധികം കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നവരായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് കഴുകി അണുവിമുക്തമാക്കി വീണ്ടും ഉപയോഗിക്കാവുന്ന തരത്തിലുള്ള തുണിയിലുണ്ടാക്കുന്ന 50 ലക്ഷം മാസ്ക്കുകൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ എത്രയും വേഗം തയ്യാറാക്കി പൊതുവിദ്യാലയങ്ങളിൽ എത്തിക്കേണ്ടതാണ്. ഇതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സമഗ്രശിക്ഷാ ജീവനക്കാരുടെ നേതൃത്വത്തിൽ ഈ അവധിക്കാലത്ത് പൂർത്തിയാക്കേണ്ടതാണ്.

(1) ഓരോ ബി.ആർ.സി.യിലും കുറഞ്ഞത് 30000 (മുപ്പതിനായിരം) മാസ്ക്കുകൾ നിർമ്മിക്കണം

(2) മാസ്ക്കുകൾ എല്ലാം ഒരേ വലിപ്പത്തിലുള്ളവയായിരിക്കണം. കോട്ടൺ തുണി ഉപയോഗിച്ചു നിർമ്മിക്കണം .മാസ്ക്കുകൾ വ്യത്യസ്ത നിറങ്ങളിലുമാകാം.

(3) മാസ്ക്കുകളുടെ സൈസ് –നീളം 17 സെ.മീ. ഉം വീതി 14 സെ.മീ ഉം ആയിരിക്കണം.

(4) മാസ്ക് തുന്നുന്നതിന് സമഗ്രശിക്ഷാ ജീവനക്കാർ , സ്പെഷ്യലിസ്റ്റ് അധ്യാപകർ, റിസോഴ്സ് അധ്യാപകർ, രക്ഷിതാക്കൾ, സന്നദ്ധ പ്രവർത്തകർ , പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങി എല്ലാവരുടെയും സന്നദ്ധ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

(5) മാസ്ക് നിർമാണത്തിനാവശ്യമായി വരുന്ന തുണിയും മറ്റു സാധനങ്ങളും ബി.ആർ.സി കളുടെ നേതൃത്വത്തിൽ വാങ്ങേണ്ടതാണ്.

(6) ഒരു മാസ്കിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് പരമാവധി മൂന്നു രൂപ ക്രമത്തിൽ ചെലവഴിക്കാവുന്നതാണ്.

(7) മാസ്ക്കുകൾ 2020 മെയ് 15 ന് മുൻപ് തയ്യാറാക്കേണ്ടതും ഓരോ സ്കൂളിനും ആവശ്യമായ എണ്ണം (ആദ്യഘട്ടത്തിൽ ഒരാൾക്ക് ഒന്ന് എന്ന ക്രമത്തിൽ) അതാത് സ്കൂളിൽ മെയ് 30 നകം എത്തിക്കേണ്ടതാണ്. (പുതുതായി അഡ്മിഷൻ നേടിയ കുട്ടികൾക്കടക്കം ലഭ്യമാക്കണം)

(8) മാസ്ക്കുകൾ സ്കൂളുകളിലെത്തിക്കുമ്പോൾ കൈപ്പറ്റ് രസീത് വാങ്ങി ബി.ആർ.സികളിൽ സൂക്ഷിക്കേണ്ടതാണ്.

(9) മാസ്ക് നിർമ്മാണത്തിനായി ചെലവഴിക്കുന്ന തുക 2020-21 വർഷത്തെ സൗജന്യ യൂണിഫോമിനായി അനുവദിക്കുന്ന തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(10) മാസ്കിന് ആവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർപർച്ചേഴ്സ് റൂൾ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

(11) മാസ്ക് തുന്നുന്നതിന് മുൻപ് അതാത് പ്രദേശങ്ങളിലെ മെഡിക്കൽ സ്റ്റോറുകളിലും മറ്റും ലഭ്യമാക്കുന്ന തുണികൊണ്ടു നിർമ്മിച്ചിട്ടുള്ള മാസ്കിന്റെ അളവുകളും മറ്റുകാര്യങ്ങളും പരിശോധിക്കുന്നത് ഉചിതമായിരിക്കും.

(12) സമ്പൂർണ ശുചിത്വം പാലിച്ചാകണം മാസ്ക് നിർമ്മാണവും സൂക്ഷിക്കലും

(13) മാസ്ക്ക് നിർമ്മാണത്തിനായി ഒരാളും കൂട്ടം കൂടാത്ത തരത്തിലുള്ള ക്രമീകരണം ഉണ്ടാകണം

(14) മാസ്ക് തുന്നുന്നതിനാവശ്യമായ സാങ്കേതിക അറിവിലേയ്ക്കായി സ്പെഷ്യലിസറ്റ് അദ്ധ്യാപകരുടെയും തയ്യൽ അറിയാവുന്നവരുടെയും സഹായം തേടേണ്ടതാണ്.

(15) സന്നദ്ധ സംഘടനകളോ അഭ്യുദയകാംക്ഷികളോ സൗജന്യമായി മാസ്ക്കുകൾ നൽകുകയാണെങ്കിൽ സ്വീകരിക്കാവുന്നതും അവ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സ്കൂളുകൾക്കു നൽകേണ്ടതുമാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

പകർപ്പ്: എല്ലാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്കും

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും